മൂന്നാമതായി, ഇതു നാളെ എന്നു നീട്ടിവെക്കാതെ തിടുക്കത്തിൽ ചെയ്യേണ്ട ഒരു തീരുമാനവുമാണ്. പട്ടാള വേഷധാരികളായ അക്രമികളായ രണ്ടു യൗവ്വനക്കാർ ഒരു രാത്രിയിൽ ഒരു ദൈവാലയത്തിന്റെ പിന്നിൽ ഇരുന്നു ദൈവവചനം കേട്ടുകൊണ്ടിരുന്നു. അന്നത്തെ പ്രസംഗവിഷയം അക്രമത്തിനു ഒരു അന്തമുണ്ടെന്നും ഈ ലോകജീവിതം കഴിഞ്ഞു മനുഷ്യന്റെ ആത്മാവു സ്വർഗ്ഗത്തിലോ നരകത്തിലോ നിത്യത കഴിക്കേണ്ടി വരുമെന്നും യേശുക്രിസ്തുവിനെ എന്തു ചെയ്തു എന്നുള്ള ചോദ്യത്തിനു നല്കുന്ന മറുപടിയുടെ അടിസ്ഥാനത്തിലാണു നിത്യത തീരുമാനിക്കപ്പെടുമെന്നുമായിരുന്നു. ഇതു വ്യക്തിപരമായി ചെയ്യേണ്ട തീരുമാനമാണെന്നും അവർ കേട്ടു. **ഈ തീരുമാനം നാളെ എന്നു നീട്ടിവക്കുന്നതു ആപൽക്കരമാണെന്നും ഇന്നു തന്നെ മുന്നോട്ടുവന്നു യേശുക്രിസ്തുവിനെ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു.** ഈ വിധത്തിൽ ജീവിക്കുന്നതു ആപത്താണെന്നു മനസ്സിലാക്കിയ ഒരുവൻ കൂട്ടുകാരനെയും കൂട്ടി മന്നോട്ടു പോകവാൻ ആഗ്രഹിച്ചപ്പോൾ നിന്നെത്തന്നെ മനുഷ്യരുടെ മുമ്പാകെ ഭോഷനാക്കരുതെന്നു പറയുകയുണ്ടായി. കൂട്ടുകാരന്റെ ആലോചനയെ വകവെയ്ക്കാതെ ഒളിച്ചു വച്ചിരുന്ന മാരകായുധങ്ങൾ പ്രസംഗകന്റെ മുമ്പിൽ വച്ചിട്ടു ഇത്ര ഭയങ്കരനായി ജീവിച്ച എനിക്കു ആശയുണ്ടോ? എന്നു ചോദിച്ചു. നീ നിന്റെ പാപങ്ങളെ ഏറ്റു പറയുക എന്നു പറഞ്ഞപ്പോൾ അവൻ തകർന്ന ഹൃദയത്തോടെ തന്റെ പാപങ്ങളെ ഏറ്റു പറഞ്ഞു യേശുവിനെ സ്വീകരിച്ചു കൊണ്ടു സന്തോഷത്തോടെ മടങ്ങി. ●

# അവഗണനയുടെ പാനപാത്രം

*റവ. രജി ഡാൻ കെ.*

**ഡേവിഡ് ബ്രയിനാർഡ് (ഏപ്രിൽ 20, 1718 – ഒക്ടോബർ 9, 1747) വളരെ കുറച്ച് കാലം മാത്രം ജീവിച്ച വ്യക്തിയാണ്. പതിനാലാമത്തെ വയസ്സിൽ അദ്ദേഹത്തിന് പിതാവിനെ നഷ്ടമായി. പതിനാറാമത്തെ വയസ്സിൽ മാതാവിനെയും. "ദൈവത്തെ മഹത്വീകരിക്കാനും മുമ്പേ അവന്റെ രാജ്യം അന്വേഷിക്കാനും" ഉള്ള ദൈവവിളി അദ്ദേഹത്തിന് പത്തൊാൻപതാമത്തെ വയസ്സിൽ ലഭിച്ചു.**

യെൽ സെമിനാരിയിൽ ഉടനെ വേദപഠനത്തിന് ചേർന്നെങ്കിലും രോഗാതുരനായ അദ്ദേഹത്തെ സെമിനാരി അധികൃതർ പറഞ്ഞയച്ചു. 1740 നവംബറിൽ അദ്ദേഹം വീണ്ടും സെമിനാരിയിൽ ചേർന്നു. എന്നാൽ ചുമതലക്കാരുമായും അധ്യാപകരുമായും ചേർന്ന് പോകുന്നതിന് സാധിച്ചില്ല. പുറത്തുള്ള മറ്റ് സുവിശേഷനേതാക്കളുമായി ബന്ധം പുലർത്തി എന്നതായിരുന്നു ബ്രയിനാർഡിന്റെ മേലുള്ള കുറ്റം. ശരീരത്തിന്റെ ക്ലേശം ഒരു വശത്ത് അദ്ദേഹത്തെ തളർത്തി. അതിലേറെ, സെമിനാരി ചുമതലക്കാരുടെ അവഗണനക്ക് പാത്രീഭൂതനായ അദ്ദേഹത്തെ അവർ എന്നേക്കുമായി പറഞ്ഞയച്ചു. ന്യായീകരണങ്ങൾ എന്തൊക്കെയായാലും ബ്രയിനാർഡ് തള്ളപ്പെട്ടവനായി മാറി, അവഗണിക്കപ്പെട്ടു. പട്ടത്വശുശ്രൂഷ എന്ന ആഗ്രഹം ചിലരുടെ അവജ്ഞ മൂലം അന്യം നിന്നുപോയി. പക്ഷെ ചരിത്രം അവസാനിക്കുന്നില്ലല്ലോ. 1942-ൽ അദ്ദേഹം ഒരു സുവിശേഷപ്രസംഗകനായി. 'സൊസൈറ്റി ഇൻ സ്കോട്ട്ലാന്റ് ഫോർ പ്രൊപ്പഗേറ്റിംഗ് ക്രിസ്ത്യൻ നോളജ്" എന്ന സംഘടന പിന്തുണ നൽകി.

പലപ്പോഴും ഭക്ഷണമില്ലാതെയും സുഹൃദ്ബന്ധങ്ങൾ ഇല്ലാതെയും കഠിനമായ നിരാശാബോധത്തിലും ബ്രയിനാർഡിന് കഴിയേണ്ടി വന്നു. എല്ലാവരാലും തള്ളപ്പെട്ടവനും അവഗണിക്കപ്പെട്ടവനുമായി തീർന്ന അദ്ദേഹം സുവിശേഷപ്രഘോഷണത്തിൽ ഏർപ്പെട്ടു. **അതോടൊപ്പം ബ്രയിനാർഡ് ഒരു സ്കൂളും ആരംഭിച്ചു. 1745 ൽ അദ്ദേഹം ഒരു പട്ടക്കാരനായി ഉയർത്തപ്പെട്ടു. എന്നിട്ടും തന്റെ മിഷൻ ഫീൽഡ് പ്രവർത്തനം കൈവിട്ടില്ല.**

അവഗണന അനുഭവിച്ചിട്ടില്ലാത്തവരുണ്ടോ? തള്ളപ്പെട്ടു എന്നു തോന്നുന്നുണ്ടോ? 'അടിച്ചിരുത്തപ്പെട്ടു' എന്നു കരുതിയ സന്ദർഭങ്ങൾ ഉണ്ടായിട്ടില്ലേ? ശരിക്കും പറഞ്ഞാൽ പരിഗണനകൾ ലഭിച്ചതിനേക്കാളും അവഗണനകളാവും ജീവിതത്തിൽ ലഭിച്ചിട്ടുണ്ടാവുക. ഒരുപക്ഷേ അതല്ലേ സാധിക്കൂ....

അനേകം അവഗണനകൾക്കിടയിൽ ഒരു വ്യക്തിക്ക് പരിമിതമായേ പരിഗണനകൾ ലഭിച്ചിട്ടുണ്ടാവൂ... മോശമായ വാക്കുകൾ കേട്ട് ലജ്ജിതരാകുന്ന സന്ദർഭങ്ങളും ഒരാളുടെ ജീവിതത്തിൽ ഉണ്ടാകാം. പുതിയ ആശയങ്ങളെ തള്ളിക്കളഞ്ഞേക്കാം. പഴയ ആശയങ്ങളെ അവഗവണിച്ചേക്കാം.

ഇംഗ്ലണ്ടിലെ മൗൾട്ടൻ എന്ന ഗ്രാമത്തിൽ ജീവിച്ച ഒരു സ്കൂൾ അധ്യാപകന് 1786-ൽ ഇത്തരം ഒരു അനുഭവം ഉണ്ടായി. അദ്ദേഹം വേദപുസ്തകം വായിച്ചപ്പോൾ ഇതര മതസ്ഥരോടും യേശുവിനെ അറിയിക്കണമെന്ന് താത്പര്യം തോന്നി. ഒരു ആലോചനാ സമിതിയിൽ ഈ ആവശ്യം അദ്ദേഹം പറഞ്ഞു. അപ്പോൾ ജെ.ആർ റയ്ലാൻഡ് എന്ന മുതിർന്ന അംഗം ഇങ്ങനെ പ്രതികരിച്ചു... "അവിടെ ഇരിക്കൂ ചെറുപ്പക്കാരാ! ഇതര മതസ്ഥരെ പരിവർത്തനം ചെയ്യണമെന്ന് ദൈവം ചിന്തിക്കുമ്പോൾ ദൈവം തന്നെ അതിന് മാർഗ്ഗം കണ്ടെത്തിക്കൊള്ളും. അതിന് എന്റെയും നിന്റെയും സഹായം ഒന്നും വേണ്ട." **'വില്ല്യം കേറി' യെന്ന ഭാരതത്തിന്റെ മഹാനായ മിഷനറിയ്ക്ക് അനുഭവിക്കേണ്ടിവന്നതാണ് ഈ അവഗണന. എന്നാൽ അതു മൂലം സ്വന്തം ദർശനവും ആവേശവും തളർത്തിക്കളയുവാൻ അദ്ദേഹം സമ്മതിച്ചില്ല എന്ന് ചരിത്രം പറയുന്നു.**

അതിന് ഒരു കാരണം വില്ല്യം കേറി എന്ന മിഷണറിയെ രൂപപ്പെടുത്തിയ ഒരു ജീവചരിത്രപുസ്തകമാണ്. 'ആൻ അക്കൗണ്ട് ഓഫ് ദ ലൈഫ് ഓഫ് ദ ലേറ്റ് റവറണ്ട് ഡേവിഡ് ബ്രയിനാർഡ് (ജോനാഥാൻ എഡ്വാർഡ്സ്) എന്ന പുസ്തകത്തിലൂടെ വായിച്ചറിഞ്ഞ ഡേവിഡ് ബ്രയിനാർഡിന്റെ ജീവചരിത്രം വില്ല്യം കേറിയെ വളരെ സ്വാധീനിച്ചിരുന്നു.

## *It's A Higher Calling*

*Clouds of darkness, surrounding the Aching Soul*
*shielding the Vision for the Future*
*what lays ahead, I don't know*
*it's easy to faint, lose hope and doubt*
*But through the eyes of faith,*
*You help me to believe in Your unseen work....*
*I will run into the secret place,*
*In your arms, I know my soul is safe,*
*No, I will give no place for doubt,*
*because, you have called me for more.*
*It's a higher calling, a call to Faith,*
*to endure with strength, that comes from You alone...*
*it's a higher calling, to lay down myself*
*to proclaim your mighty works to an unsaved world....*
*and in the end, when the good fight of faith is won*
*I know I'll have nothing to lose..*
*coz then I'will be complete in YOU....*

*Dr. Dorothy Mary Howell,*
*CMC, Vellore*

വിവിധ സമയങ്ങളിൽ അവഗണന ഏറ്റുവാങ്ങിയെങ്കിലും റവ. ബ്രയിനാർഡ് മറ്റ് സ്ഥാനമാനങ്ങൾ തേടിപ്പോയില്ല.

അന്യജാതികളിൽ പെട്ടവർ യേശുവിനെ അറിയണം എന്ന താത്പര്യത്തിന് മുൻഗണന നൽകി. നിരാശയുടെ കൈപ്പുശാലയിൽനിന്ന് അവഗണനയുടെ പാനപാത്രം അദ്ദേഹത്തിന് കുടിക്കേണ്ടിവന്നു.

സ്വന്തം ശരീരത്തിന്റെ കഠിനമായ രോഗാവസ്ഥയും അധികൃതരുടെ ചിന്താശൂന്യമായ നടപടികളും തളർത്തിക്കളഞ്ഞുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രം സാക്ഷ്യപ്പെടുത്തുന്നു. **ഇരുപത്തിയൊമ്പതു വയസ്സുവരെ മാത്രമേ റവ. ബ്രയിനാർഡ് ഈ ലോകത്തിൽ ജീവിച്ചുള്ളു. എങ്കിലും ചരിത്രത്തിന്റെ പിൽക്കാല താളുകളിൽ മറ്റൊരു കഥ കുറിച്ചു.** അവഗണനയുടെ സ്ഥാനത്ത് അംഗീകാരം ബ്രയിനാർഡിനെ തേടിയെത്തി. യെൽ കോളേജിൽ ഒരു വലിയ ഹാൾ പണിതപ്പോൾ ബ്രയിനാർഡിന്റെ പേരാണ് അതിനിട്ടത് എന്നത് ചരിത്രം! **യെൽ സെമിനാരിയുടെ അവഗണനയിൽ മനംനൊന്ത ഒരു സുഹൃദ്സംഘമാണ് പിന്നീട് പ്രശസ്തമായ പ്രിൻസ്റ്റൺ സെമിനാരി ആരംഭിച്ചത്. അതിനെക്കാൾ ഉപരി വില്യംകേറി, ജിം എലിയറ്റ് എന്നീ ദൈവവേലക്കാരെ സ്വാധീനിക്കാൻ തന്റെ ജീവചരിത്രത്തിലൂടെ റവ. ബ്രയിനാർഡിനു സാധിച്ചു.** അദ്ദേഹത്തിന്റെ ജീവചരിത്രം തന്നെ ഒരു വലിയ ചൈതന്യമായി മാറി. മരണശേഷവും സംസാരിച്ചുകൊണ്ടിരിക്കുക എന്നതിന്റെ ഉദാഹരണമായി ബ്രയിനാർഡ്. അവഗണിക്കപ്പെട്ടവന്റെ ദു:ഖവും നിരാശയും ആ വ്യക്തിയുടെ സ്വകാര്യ സ്വത്താണ്. പക്ഷെ ദൈവസന്നിധിയിൽ വിലയേറിയതാണ് ആ ദു:ഖങ്ങൾ.

"ഉണ്ടോ ഭാരം, വൈഷമ്യങ്ങൾ?....." അവഗണിക്കപ്പെടുന്നവന്റെ സങ്കടത്തിന്റെ കണ്ണീരിനെ ദൈവം പരിഗണിക്കുന്നു. പുതിയ മാനം പകരാൻ ദൈവം മതിയായവൻ. •

# ശ്രേഷ്ടതയ്ക്കുള്ള പ്രതിഫലം

*(ശ്രദ്ധേയമായ ഒരു ബൈബിൾ കഥാപാത്രമാണ് രൂത്ത്. മരണത്തിന്റെ പശ്ചാത്തലത്തിൽ തികച്ചും അവ്യക്തമായ ഭാവിയുടെ മുഖത്താണ് അവൾ ദൈവത്തോടു ചേർന്നുള്ള യാത്ര തുടങ്ങിയത്. എന്നിരുന്നാലും അവളും അവളുടെ അമ്മാവിയമ്മയും വിശ്വസിച്ച ദൈവം അവരെ "അപ്പത്തിന്റെ നാട്ടിലേക്കു" മടക്കി വരുത്തി അവൾക്ക് ചിന്തിക്കാവുന്നതിലും അപ്പുറമായ സമൃദ്ധികൊണ്ടും മറ്റും അനുഗ്രഹിച്ചു. രൂത്തിന്റെ ജീവിതത്തിന്റെ പ്രത്യേകതകളെക്കുറിച്ച് **മിഷനറി മിസ്സിസ് എസ്ഥേർ ഐസക്ക്** നമ്മോടു പങ്കിടുന്നു....)*

ന്യായാധിപന്മാർ യിസ്രായേലിൽ ന്യായപാലനം ചെയ്തിരുന്ന കാലഘട്ടത്തിലാണ് രൂത്തിന്റെ ജീവിതം. ഓരോരുത്തനും തനിക്കു ബോധിച്ചതുപോലെ ചെയ്തിരുന്നു (ന്യായാ. 21:25). ചരിത്രത്തിലെ ഈ കലുഷിതമായ കാലത്തിന്റെ ചിത്രം രൂത്തിന്റെ ജീവിതം വെളിപ്പെടുത്തുന്നു. ഈ പുസ്തകത്തിന്റെ മുഖ്യ ചിന്ത "വീണ്ടെടുപ്പ്" എന്നതാണ്. "നമ്മുടെ കഷ്ടനാളുകളിൽ ദൈവം കൈവിടുകയില്ല" എന്ന ദൂത് ഈ പുസ്തകം നൽകുന്നു.

**രൂത്തിന്റെ പശ്ചാത്തലം (രൂത്ത്. 1)**

മോവാബ്യ സ്ത്രീയായിരുന്നു രൂത്ത്. മോവാബ്യരുടെ പത്താം തലമുറ വരെ ദൈവാലയത്തിലോ സഭയിലോ പ്രവേശിക്കരുത് എന്നാണ് ദൈവം കല്പിച്ചിരുന്നത് (ആവ. 23:3). എന്നാൽ ബേത്ലഹേമിലുണ്ടായ ക്ഷാമത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി മോവാബിലേക്കു ചെന്ന എലിമലേക്കിന്റെ കുടുംബത്തിൽ അവരുടെ മക്കളിൽ ഒരാളുടെ ഭാര്യയായി രൂത്ത് എത്തുന്നു. അവൾ ജാതികളിൽ പെട്ടവളായിരുന്നെങ്കിലും രക്ഷകനായ യേശുവിന്റെ വംശാവലിയിലേക്കു ദാവീദിന്റെ വലിയ വലിയമ്മയായി അവൾ ആനയിക്കപ്പെടുകയാണ്.

**അവളുടെ സ്വഭാവം ശ്രദ്ധിക്കാം**

- അവൾ തന്റെ അമ്മാവിയമ്മ നൊവോമിയോടും ദൈവത്തോടും സമർപ്പിതയായിരുന്നു (1:16)
- അവൾ ശ്രേഷ്ഠ സ്വഭാവമുള്ള ഒരു മഹതിയായിരുന്നു (സദൃ. 31:10)
- മാന്യതയും ശക്തിയും അവളുടെ ആഭരണമായിരുന്നു

**സ്നേഹപൂർവ്വമായ വിശ്വസ്തത**

***a)*** *അവൾ അമ്മാവിയമ്മയോടു പറ്റിനിന്നു*

10 വർഷത്തെ കുടുംബജീവിതം മാത്രമുണ്ടായിരുന്ന രൂത്ത് തന്റെ അമ്മാവിയമ്മ നൊവോമിയോടു ഒപ്പം നിന്നു. ഇതിനു പുറമെയായിരുന്നു തന്റെ ഭർതൃസഹോദരന്റെയും അമ്മാവിയപ്പന്റെയും മരണം. മടങ്ങി സ്വദേശത്തേക്കു പോയി നല്ല ജീവിതം നയിക്കുന്നതിനു നൊവോമി നിർബന്ധിച്ചിട്ടും എന്തും സഹിച്ച് അവരോടു ഒപ്പം നിൽക്കുന്നതിനാണ് അവൾ ആഗ്രഹിച്ചത്.

"ഏതൊന്നിനോടും ഒരാൾക്ക് ഉണ്ടാകുന്ന വിശ്വസ്തമായ ഏകീകരണവും സ്നേഹവും ആണ് വിശ്വസ്തനായ ഒരു വ്യക്തിയുടെ വിശ്വസ്തതയ്ക്ക് ആധാരം" എന്നു മനഃശാസ്ത്രജ്ഞനായ ആർ.സി. റോബർട്ട്സ് അഭിപ്രായപ്പെടുന്നു. തന്റെ അമ്മാവിയമ്മയോടു കാട്ടിയ കൂറ് രൂത്തിന്റെ വിശ്വസ്തത എടുത്തുകാട്ടുന്നു. നൊവോമി വിശ്വസിക്കാവുന്ന ഒരു അമ്മാവിയമ്മയാണെന്നും അത് കാട്ടുന്നു.

***b) തന്റെ അമ്മാവിയമ്മയുടെ ദൈവത്തോടുള്ള അവളുടെ സ്നേഹം (1:16)***

കടുത്ത ക്ഷാമകാലം അവസാനിച്ചുവെന്നും ദൈവം തന്റെ ജനത്തെ സന്ദർശിച്ചു അവർക്കു ഭക്ഷണം കരുതി എന്നും നൊവോമി കേട്ടു. അവൾ മടങ്ങിപ്പോകുവാൻ

ആഗ്രഹിച്ചു. ദൈവത്തോടുള്ള നൊവോമിയുടെ സമർപ്പണവും ഭക്തിയും രൂത്ത് ശ്രദ്ധിച്ചു. പണ്ടത്തെയും ഇന്നത്തെയും സ്ഥിതിയിൽ നൊവോമിയോടുള്ള ദൈവത്തിന്റെ വിശ്വസ്തതയും രൂത്ത് ശ്രദ്ധിച്ചു. നൊവോമിയായിരുന്നു അവളുടെ മാതൃക.

നൊവോമി തന്റെ മരുമക്കളോടു നന്ദി പറയുകയും അവരെ യഹോവയുടെ നാമത്തിൽ അനുഗ്രഹിക്കുകയും ചെയ്തു. "മരിച്ചവരോടും എന്നോടും നിങ്ങൾ ചെയ്തതു പോലെ യഹോവ നിങ്ങളോടും ചെയ്യുമാറാകട്ടെ" എന്നു നൊവോമി പ്രഖ്യാപിക്കുന്നു (1:8). രൂത്ത് ഈ ദൈവത്തോടു പറ്റിച്ചേർന്നു. അവരോടു യഹോവ തുടർന്നും വിശ്വസ്തത കാട്ടും എന്നവൾ വിശ്വസിച്ചു.

**ഏകാന്തതയോടുള്ള പ്രതികരണം**

*a) ഭർത്ത്യവിയോഗം വരുത്തിയ ഏകാന്തത (1:4,5)*

"മറ്റുള്ളവരുമായി ആഴമായ ബന്ധം സ്ഥാപിച്ചെടുക്കുന്നതിൽ പറ്റുന്ന പരാജയമാണ് ഏകാന്തത എന്ന സ്ഥിതി" എന്ന് പ്രമുഖ മനോരോഗ വിദഗ്ധൻ ശ്രീ. ജോൺസ് പറയുന്നു.

10 വർഷത്തോളം ഭർത്താവിനൊപ്പം കഴിഞ്ഞ രൂത്തിനു ഇപ്പോൾ ഏകാന്തത തോന്നിയേക്കാം. തന്റെ ഈ സ്ഥിതിയെക്കുറിച്ച് നൊവോമിയോടുപോലും പറയുന്നതിനു അവൾക്ക് കഴിഞ്ഞിട്ടുണ്ടാവില്ല. അവളനുഭവിച്ച ശൂന്യത കഠിനമായിരുന്നിരിക്കാം. അവളുടെ ഭാവിയെക്കുറിച്ച് അവൾക്കുണ്ടായ ചിന്തകൾ നമുക്ക് ചിന്തിച്ചുനോക്കാം. തന്റെ അമ്മാവിയമ്മ തന്നോടു സ്വന്ത ജനത്തിന്റെ അടുക്കലേക്കു തിരികെ പോകുവാൻ നിർബന്ധിച്ചപ്പോൾ തന്നോടു അപ്രകാരം പറയരുതേ എന്നാണ് അവൾ പ്രതികരിച്ചത് (1:16). "നീ പോകുന്നിടത്തു ഞാനും പോരും; നീ പാർക്കുന്നേടത്തു ഞാനും പാർക്കും; നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം." രണ്ടാമതൊരു വിവാഹത്തിന്റെ നിരർത്ഥകതയെക്കുറിച്ച് അവൾ ഒരു പക്ഷേ ചിന്തിച്ചുകാണും. നമ്മുടെ ഏകാന്തയുടെയും നഷ്ടത്തിന്റെയും സമയത്ത് നാം എങ്ങനെ പ്രതികരിക്കും?

***b) പുതിയ ചുറ്റുപാടിൽ ഏകാന്തത***

ജീവിതം തുടരണം എന്നു രൂത്തിനു അറിയാമായിരുന്നു, അതിനാൽ തന്റെ ഭർത്യമാതാവിനോടു ചേർന്നു നിൽക്കുവാൻ രൂത്ത് തീരുമാനിച്ചു (1:19). നൊവോമിക്കോപ്പം അവൾ എത്തിയപ്പോൾ പട്ടണം മുഴുവനും അവരുടെ നിമിത്തം ഇളകിയതു കണ്ടു രൂത്ത് ഒരു പക്ഷേ തരിച്ചു പോയിക്കാണും. "നൊവോമി എന്നല്ല, മാറാ എന്നു എന്നെ വിളിപ്പിൻ" എന്നായിരുന്നു നൊവോമിയുടെ പ്രതികരണം (1:20). അവളുടെ ദു:സ്ഥിതിക്കു കാരണക്കാരൻ ദൈവം ആണെന്നാണ് നൊവോമി മനസ്സിലാക്കിയത്. നമ്മുടെ ചുറ്റുപാടുകൾക്കു ദൈവത്തെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല.

തന്റെ പുതിയ ദേശത്തു രൂത്തിന്റെ പ്രതികരണം ശ്രദ്ധിക്കുക. വയലിൽ പോയി വേല ചെയ്യുന്നതിനു അവൾ മുന്നിട്ടിറങ്ങി (2:2). എന്നു മാത്രമല്ല, വയിൽ കാലാ പെറുക്കുന്ന അപകടം പിടിച്ച ജോലി ചെയ്യുന്നതിനും അവൾ തയ്യാറായി. അവളുടെ ഏകാന്തതയ്ക്ക് ഇതു പരിഹാരമാകട്ടെ എന്നു കരുതിയാകാം നൊവോമി ഇതനുവദിച്ചത്. എന്നാൽ രൂത്ത് തന്റെ ഏകാന്തതയെയും ആശങ്കയെയും മറികടന്നു എന്നു മാത്രമല്ല കുടുംബത്തിന്റെ ആവശ്യങ്ങളിലേക്ക് തനിക്കാവുന്നതു ചെയ്യുകയും ചെയ്തു.

**തന്റെ പ്രതിഫലം പ്രാപിക്കുന്നു**

***a) അവളുടെ അർപ്പണത്തിന്***

തന്റെ അമ്മാവിയപ്പനായ എലിമലേക്കിന്റെ ചാർച്ചക്കാരനായ ബോവസിന്റെ വയലിലാണ് രൂത്ത് കാല പെറുക്കുന്നതിനായി ചെന്നു ചേർന്നത്. അതിനാൽ ഇനിപ്പറയുന്ന പദവികൾ അവൾ അനുഭവിച്ചു...

1) കാവലും സുരക്ഷയും (2:9)

2) വേല ചെയ്ത സമയമത്രയും ആഹാരവും പാനീയവും
3) ബോവസിനൊപ്പം ഇരുന്നു ഒരേ ഭക്ഷണത്തിനു പങ്കാളി
4) വീട്ടിലേക്കു കൊണ്ടുപോകുന്നതിനു അധികം ധാന്യം
5) നൊവോമിയോടുള്ള അവളുടെ പെരുമാറ്റത്തിനു ബോവസിന്റെ വക പ്രശംസ

### *b) അവൾക്ക് ഭർത്താവിനെ ലഭിക്കുന്നു*

രൂത്തിനു വേണ്ടി ക്രമീകരണങ്ങൾ നൊവോമി തയ്യാറാക്കുന്നത് 3-ാം അദ്ധ്യായത്തിൽ കാണുന്നു. അവളെ വൈധവ്യത്തിൽ തുടരുവാൻ നൊവോമി അനുവദിച്ചില്ല. അന്നത്തെ സംസ്കാരം അനുവദിക്കുന്ന രീതിക്കനുസരണമായി ബോവസിനെ സമീപിക്കുന്നതിനു അവൾ രൂത്തിനെ ഉപദേശിക്കുന്നു. അത് അനുസരിച്ച് ബോവസിനോടു പുതപ്പിന്റെ അറ്റം കൊണ്ട് തന്നെ മൂടുവാൻ രൂത്ത് ആവശ്യപ്പെടുന്നു.

രൂത്ത് തന്റെ അമ്മാവിയമ്മയോടു ഒന്നും മറച്ചില്ല. മാത്രമല്ല അമ്മാവിയമ്മ പറഞ്ഞ അല്പം ബുദ്ധിമുട്ടുള്ളത് എന്നു തോന്നിപ്പിക്കുന്ന കാര്യം അവൾ അനുസരിക്കുന്നു. ബോവസ് എന്തു ചെയ്യുമെന്നു കാണുന്നതിനായി നൊവോമി പറഞ്ഞതനുസരിച്ച് കാത്തിരിക്കുവാനും തയ്യാറായി. പട്ടണവാതിൽക്കൽ ഇരുന്ന് വീണ്ടെടുപ്പുകാരൻ നിയമപ്രകാരം ചെയ്യേണ്ട കാര്യങ്ങൾ ബോവസ് ചെയ്യുന്നത് നാം കാണുന്നു (4:2).

എലിമെലേക്കിനുള്ള നിലം വാങ്ങുന്നതിനും എലിമെലേക്കിന്റെ മകന്റെ ഭാര്യയായ രൂത്തിനെ വിവാഹം ചെയ്യുന്നതിനും ബോവസ് തയ്യാറായി (4:9-10). ദൈവത്തോടും നൊവോമിയോടുമുള്ള രൂത്തിന്റെ സമർപ്പണത്തിനു ഇങ്ങനെ പ്രതിഫലം ലഭിക്കുന്നു. അതുമാത്രമല്ല, അവളുടെ മകൻ ഓബേദ് ദാവീദിന്റെ മുതു മുത്തച്ഛനായി. ആ വംശത്തിൽ യേശുക്രിസ്തു ജനിക്കുകയും ചെയ്തു. എത്ര വലിയ പദവി!

### രൂത്തിന്റെ ജീവിതം നമ്മെ എന്തു പഠിപ്പിക്കുന്നു?

1) നിരവധി അനിശ്ചിതത്വങ്ങളുടെ മദ്ധ്യത്തിലും അവൾ യഹോവയെ അനുഗമിക്കുവാൻ ഉറച്ചു നിശ്ചയിച്ചു.
2) ദൈവത്തോടുള്ള അവളുടെ സമർപ്പണത്തിന്റെ തിളങ്ങുന്ന മാതൃകയാണ് അമ്മാവിയമ്മയോടുള്ള അവളുടെ അനുകരണീയ ബന്ധം.
3) ദൈവത്തിൽ ആശ്രയിച്ച അവൾ തന്റെ പദവി മുറുകെ പിടിച്ചില്ല.

The lap of the mother is the greatest university. മാതൃത്വം ഒരു പൈതലിന്റെ വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതാണ്. മാതാവും പിതാവും ജോലി ചെയ്തെങ്കിൽ മാത്രമേ ഇന്ന് കുടുംബജീവിതം സാമാന്യ രീതിയിൽ കൊണ്ടുപോകുവാൻ സാധിക്കൂ. അതേ സമയത്തുതന്നെ ഒരു പൈതലിന്റെ വളർച്ചയിൽ സ്ഥായിയായ ശ്രദ്ധ ചെലുത്തുവാൻ മാതാപിതാക്കൾ സമയം കണ്ടെത്തണം. മദ്യപാനിയായ പിതാവിന്റെ കുടുംബത്തിലെ അനുയോജ്യമല്ലാത്ത പെരുമാറ്റമാണല്ലോ നെടുങ്കണ്ടത്തെ പത്തുവയസ്സുകാരനെ കൊലപാതകിയാക്കി മാറ്റിയത്. വളരുന്ന പൈതലിന്റെ മുൻപാകെ മാതൃക കാട്ടുവാൻ മാതാപിതാക്കൾ ബാധ്യസ്ഥരാണ്. മദ്യപാനിയായ പിതാവ് ഇതു മറന്നുപോയി. അദ്ദേഹത്തെ തിരുത്തുവാൻ മാതാവ് മുതിർന്നുമില്ല. **ക്രൈസ്തവ കുടുംബങ്ങളിൽ സാമ്പത്തികം വർദ്ധമാനമാകുന്നതോടൊപ്പംതന്നെ മദ്യപാനാസക്തിയും വളരുകയാണ്. വീട്ടിൽത്തന്നെ സ്വന്തം ബാറുള്ള അത്മായർ സഭകളിൽ ധാരാളമാണ്. അവർ സഭയ്ക്ക് നല്ല സഹായികളാണ്. അവരെ ആർ നിയന്ത്രിക്കും? ആർ പഠിപ്പിക്കും? സഭ തന്നെയാവണം ഇവിടെ ഗുരുവാകാൻ. ഇതു സാധിക്കണം.**

മാതാവ് ഒരു ശിശുവിന്റെ വളർച്ചയുടെ എല്ലാ ഘട്ടത്തിലും അതീവ ശ്രദ്ധാലുവാകേണ്ടതാണ്. ശലോമോൻ പറയുന്നു, "അവൾ

ജ്ഞാനത്തോടെ വായ് തുറക്കുന്നു. ദയയുള്ള ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട്. വീട്ടുകാരുടെ പെരുമാറ്റം അവൾ സൂക്ഷിച്ചു നോക്കുന്നു" (സദൃ. 31:26,27). ഇതാണ് ഉത്തമ മാതാവിന്റെ കർത്തവ്യം. മാതാവ് ഉത്തരവാദിത്വത്തിൽനിന്നു മാറിയാൽ അപകടമാണ് എന്നതിന്റെ സാധനപാഠമാണ് നെടുങ്കണ്ടം സംഭവം. ഇത്തരം സംഭവവികാസങ്ങൾ കണ്ട് സഭ അലംഭാവത്തോടെയിരിക്കാനല്ല, ഇതിനു തക്കതായ പ്രതിവിധി കണ്ടെത്താൻ കുടുംബങ്ങളെയും സഭയിലെ സംഘടനകളെയും ശക്തീകരിക്കേണ്ടത് ഇന്നിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യമാണ്. ഉത്തമകുടുംബസംവിധാനത്തെപ്പറ്റി സഭ പഠിപ്പിക്കാൻ ശ്രദ്ധ ചെലുത്തണം. അതിന് പ്രിമാരിറ്റൽ ക്ലാസ് മാത്രം പോരാ, വേദപഠനം തന്നെ ആവശ്യമാണ്.

**വളരുന്ന മനസ്സിൽ ധാർമ്മിക മൂല്യത്തെപ്പറ്റി പഠിപ്പിക്കുന്നതിനാണല്ലോ സൺഡേസ്കൂൾ മുതലായ സംഘടനകൾ. അവ വിശ്വാസപഠനരംഗത്ത് ഉണർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യം ഇന്നു വളരെയാണ്.** "ബാലൻ അവന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ. നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ" (സങ്കീ. 119:9). ഈ വചനം വളരുന്ന തലമുറകൾക്കു നൽകുകയാണ് സഭാ സംഘടനകളുടെ പ്രധാന ഉത്തരവാദിത്വം. അതിനുപകരം കലാമത്സരങ്ങൾക്കും പാചക ക്ലാസ്സുകൾക്കും മറ്റും അമിതപ്രാധാന്യം നൽകുന്നത് ആത്മഹത്യാപരമാണ്. സൺഡേസ്കൂൾ, വി.ബി.എസ്., യൂത്ത് സംഘടന, മാതൃസംഘം ഇവയെല്ലാം ഊർജിതമായ വചനപഠനത്തിനു പ്രാധാന്യം നൽകണം. Back to Bible അവയുടെ ലക്ഷ്യമാകണം.

സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും... അശുദ്ധരും അജിതേന്ദ്രിയരും... ദൈവപ്രീതിയില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും" (2തിമൊ. 3:2-5). ലൈംഗിക അരാജകത്വത്തിന്റെ പ്രധാന കാരണം ഇതുകൂടിയാണ്. ഭക്തിവേഷധാരികളായി മാറാതെ ക്രിസ്തുവിന്റെ സ്ഥാനാപതികളായി ഭവനത്തിലും സ്കൂളിലും പണിശാലയിലും പൊതുപ്രവർത്തനമേഖലയിലും ഒരു വിശ്വാസിയെ ഒരുക്കിനിർത്തേണ്ടത് സഭയാണ്. വർത്തമാനകാലം ദുർഘട കാലഘട്ടമാണെന്ന് വർത്തമാനകാല സംഭവങ്ങൾ വ്യക്തമാക്കുന്നു. ഇത് കാലത്തിന്റെ ചുവരെഴുത്തായി കണ്ടു പ്രവർത്തിക്കാൻ സഭയെ നേതൃത്വം ഒരുക്കേണ്ടതാണ്.

**ഉത്പത്തി പുസ്തകത്തിൽ യോസഫിനെപ്പറ്റിയുള്ള വിവരണം മുപ്പത്തിയൊൻപതാം അധ്യായത്തിൽ നാം വായിക്കുന്നു. ധാർമ്മിക ചിന്തയിലും വിശ്വാസത്തിലും ഉയർന്നുനിന്ന ജോസഫ് പോത്തിഫറിന്റെ ഭാര്യയുടെ ഭോഗ താത്പര്യം തടഞ്ഞത് ദൈവാശ്രയത്തിൽകൂടെയാണ്. "ഞാൻ ഈ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോടു പാപം ചെയ്യുന്നതെങ്ങനെ" (ഉത്പ. 39:9). ഈ മാതൃകയിലേക്ക് ഒരു സഭാംഗം ഉയരുവാൻ സഭ ഒരുവനെ സജ്ജമാക്കണം.**

"വിവേചന ശക്തിയാണ് നന്മതിന്മയെക്കുറിച്ചുള്ള അറിവിലൂടെ അവനെ സാന്മാർഗിക ഉത്തരവാദിത്വത്തിലേക്കു നയിക്കുന്നത്. നന്മതിന്മകളെക്കുറിച്ചുള്ള അറിവു തന്നെയാണ് ബോധം. മനുഷ്യനെ അവിദ്യ ബാധിച്ചിരിക്കുന്നു. അവിദ്യയുടെ ഫലമാണ് മനുഷ്യനിലെ കാമം"(Dr.S. Radhakrishnan). മനുഷ്യനെ ബോധമുള്ളവനാക്കുന്നതിനാണ് സഭ സൺഡേ സ്കൂളിലൂടെയും മറ്റും യത്നിക്കുന്നത്. ഇന്നത്തെ സ്ഥിതിയിൽ നിന്നു മനുഷ്യനെ രക്ഷപ്പെടുത്താൻ ഈ രംഗത്ത് വിശ്വാസസമൂഹം പൂർവ്വാധികം ശക്തിയോടെ പ്രവർത്തിക്കണം. •

# Attributes and names of God

- Dr. Florence Isaac

No created being is capable of knowing God as He is. Christ gave us a description "God is a Spirit", undefined in His being, perfect, all things are from Him, in Him and for Him. He is everlasting, unchanging, omnipresent and omniscient, wise, Holy, Just, Merciful, Kind and Long suffering; therefore unique, one whose glory cannot be shared with any other being that exists. Jesus Christ is the image of God. This Jesus whom we love and serve is peerless, matchless, incomparable and magnificent. He is above all.

There are absolutely no names to fully describe the Eternal One, yet God has chosen to reveal Himself to us through His names recorded in Bible. The best loved name of God is "Father". This name embraces the whole meaning of love. Jesus said, after this manner pray ye: Our Father which art in Heaven, Hallowed be thy Name. Anther name of God is "I AM that I AM". God said unto Moses, thus shalt thou say unto the children of Israel, I AM hath sent me unto you (Exo. 3:14). Isaiah chap 42, verse 8 says, I am the Lord, that is my name and my glory will I not give to another, neither my praise to graven images. Isaiah chap 9 says, His name shall be called Wonderful, Counselor, The mighty God, The everlasting Father, the Prince of Peace. He is the same yesterday, today and forever. He is ALPHA and OMEGA. His name is JESUS and that God's greatest Name.

**Following are the Hebrew names of God found in the old covenant.**

**ELOHIM :** God our creator, God of Greatness, Power and Glory.

Elohim is the name that introduces God in Genesis 1:1. In the beginning God created the heaven and the earth. When we pray to God - Elohim - we recognize His sovereignty.

**JEHOVAH :** "Our Eternal God" art the most high over all the earth - Ps. 83:18. God is always worshipped as Jehovah.

**JEHOVAH ELSHADDAI :** God our supplier. He is the all sufficient One. Abraham was ninety-nine years old when Elshaddai The Almighty God made a covenant with him to "Multiply thee exceedingly" Genesis 17:1-2. Are we in any need, God is our Elshaddai.

**JEHOVAH JIREH:** "God my provider". Genesis 22:14. When Abraham was about to offer up Isaac, he asked his father, where is the lamb? Abraham replied: God (Jehova Jireh) will

provide". We can believe God for the provision in our life for all our needs.

**JEHOVAH-RAPHA :** "God my Healer" Exodus 15:26. "I will put none of these diseases upon thee, for I am the Lord that health thee". We can pray, "God. You are Jehovah Rapha, and I claim you as my Healer.

**JEHOVAH NISSI :** "God my Banner and Protection". This name was made known when Moses lifted up the rod of victory in prayer for an entire day as a battle with Amalekites was fought (Exodus 17:15).

**JEHOVAH M'KADESH :** "God my Sanctifier". The Lord declared He would be the sanctifier of Israel if they would obey Him. Exo. 31:13.

**JEHOVAH SHALOM :** "God our peace". This name was revealed to Gideon. Gideon built an altar unto the Lord in Ophrah and called it Jehovah Shalom (Judges 6:23[24); He is our Shalom too, and we can call on Him in the midst of problems, turmoil and conflict.

**JEHOVAH-TSIDKENU:** "God our Righteousness". The holy scripture reveals that Jesus is our righteousness and only through Him we can live righteously Jeremiah 23:6.

**JEHOVAH ROHI :** "God my Shepherd" Psalm 23. This psalm described God as our Shepherd. He protects us, He provides our food, leads us beside the still waters. He is with us even through the valley of death. We need fear no evil. Let us follow our Jehovah Rohi.

Jehovah Shammah : "God's Abiding Presence". The book of Ezekiel concludes with these words. The Lord is here - Ezekiel 48:35. The Lord desires that we walk with Him daily. Jesus our ALL in ALL is with us always.

What an awesome GOD we serve! •

---

# The Alabaster box

***- Anna Maria***

**B**reak this
alabaster flask of mine.

**E**xude
The spikenard of repentance
anoint HIM
who savours the fragrance.

**P**recious.

# Annual Fancy Sale & Harvest Festival - 2011

Annual Fancy Sale & Harvest Festival ഡിസംബർ മാസം 10, 11, 18 തീയതികളിൽ നല്ല രീതിയിൽ നടത്തിയ Fancy Sale Committe യുടെ ഒരു ഭാഗമാകുവാൻ സാധിച്ചതിൽ ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നു. Rev. C.R Vincent, Rev. Dr. L.E. Sahanam, Rev. Issac Paul Singh, Dr. Samson Nessiah, ചർച്ച് കമ്മിറ്റി അംഗങ്ങൾ, Jt. Convenors Sri. T. Jayakumar Alfred, Smt. Molly Stanley, Sri. Martin Daniel, Sub committee Convenors, Fancy sale committee അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ഈ വർഷത്തെ Fancy Sale ഒരു Fesitval ആയി തന്നെ organise ചെയ്യുവാൻ സാധിച്ചു. നാളിതുവരെ Rs.8.32 laks കുറവൻകോണം Centenary Memorial Church-ന്റെ കെട്ടിടം നിർമ്മിക്കുവാനുള്ള Fund ലേക്ക് സ്വരൂപിക്കുവാൻ സാധിച്ചു. ഇതിൽ സഹകരിച്ച സഭയിലെ എല്ലാ അംഗങ്ങൾക്കും Fancy Sale കമ്മിറ്റിയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഈ വർഷത്തെ വരുമാനം മുൻവർഷങ്ങളിലേക്കാളും ഏകദേശം ഇരട്ടിയാണ്.

Sale ഉത്ഘാടനം നിർവഹിച്ചത് Pine Wood Retail Ventures (Nilgiris) Managing Partner Sri. Sanil Kumar ആണ്. Stalls കമ്മിറ്റി കൺവീനർ ആയി പ്രവർത്തിച്ചത് Er. Lal & Sri. Robert Singh. Family Stalls കമ്മിറ്റി Convenors ആയി പ്രവർത്തിച്ചത് Smt. Priya Sunil & Smt. Deepa Prem. സഭയിലെ എല്ലാ ഉപസംഘടനകളും പല കുടുംബങ്ങളും സ്റ്റാളുകൾ ഇട്ട് സഹകരിച്ചു. ഭവനങ്ങളിൽ വളരെ യത്നിച്ച് ഉണ്ടാക്കിയ സാധനങ്ങളാണ് സ്റ്റാളുകളിൽ ഉണ്ടായിരുന്നത്. ഇതിൽ സഹകരിച്ച ഉപസംഘടനകളുടെ സെക്രട്ടറിമാരോടും കൺവീനർമാരോടും അംഗങ്ങളോടും, ഫാമിലിസ്റ്റാളുകൾ ഇട്ട് സഹകരിച്ച എല്ല കുടുംബങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. മുൻ വർഷങ്ങളിലേക്കാളും കടുതൽ സാധനങ്ങൾ ലേലത്തിനായി ലഭിച്ചതിനാൽ 2 ദിവസത്തിൽ ലേലം പൂർത്തിയാക്കുവാൻ സാധിച്ചില്ല. അതിനാൽ ഒരു ഞായറാഴ്ച കൂടി ലേലം നടത്തേണ്ടി വന്നു. ഈ വർഷത്തെ ലേലം വിളിയുടെ highlight Rev. Issac Paul Singh അച്ചനായിരുന്നു. ആ രീതി സമീപകാലത്തൊന്നും ആരും മറക്കുകയില്ല. Sri. Robert Singh, Sri. Sasikumar, Dr. Churchin Ben എന്നിവർ ലേലത്തിന് നേതൃത്വം നല്കി.

Lunch Committee Convenor ആയി Sri. Wilson. P പ്രവർത്തിച്ചു. Festival ദിവസം ഉച്ചഭക്ഷണം നന്നായി ക്രമീകരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

Lucky dip convenors ആയി പ്രവർത്തിച്ചത് Mr. Naveen Sam & Mr. Arun Thomas ഉം ആണ്. Lucky dip സമ്മാനങ്ങൾ sponsor ചെയ്ത Dr. Justin Jose, Mr. Robert Singh, Er. Thomas Cris Sarasam, Church Committe അംഗങ്ങൾ എന്നിവരോടുള്ള നന്ദിയും അറിയിക്കുന്നു.

ഈ വർഷം ആദ്യമായി Sunday Breakfast Sale നടത്തുകയുണ്ടായി. Mrs. Prabha Joshua കൺവീനറായും Mrs. Salima Ben, Mrs. Salina Bai Johnson,

Mrs. (Dr.) Thilaga Samson അംഗങ്ങളായുള്ള കമ്മിറ്റിയാണ് Breakfast sale ന് നേതൃത്വം നല്കിയത്. Breakfast sale ന്റെ ചെലവുകൾ സ്പോൺസർ ചെയ്ത Er. A. Joshua family യ്ക്ക് പ്രത്യേക നന്ദി.

'Jumbo Sale' എന്ന പേരിൽ വ്യത്യസ്തമായ Top-up Auction കൊണ്ടുവരുവാൻ സാധിച്ചു. Fancy Sale Manual Accounting ന് നേതൃത്വം നല്കിയത് Sri. Issac, Sri. Winfred, Sri. Morris എന്നിവരാണ്. Computerised Accounting ന് നേതൃത്വം നല്കിയത് Er. Joshi Das, Mr. Jaichand Johnson, Mr. Rajesh Kumar Praseedam, Er. Renjit Darwin, Er. Anoop Mohan, Sri. Stanley Wilson എന്നിവരാണ്. സഭയിലെ ഓഫീസ് സ്റ്റാഫിന്റെയും കപ്യാരുമാരുടെയും നല്ല സഹകരണം ലഭിച്ചു. Fancy Sale ദിവസം Extended Home - ലെ നിർദ്ധനരായ 65 കുഞ്ഞുങ്ങൾക്ക് ഉച്ചഭക്ഷണവും Fancy Sale സ്റ്റാളുകളിൽ നിന്ന് സാധനങ്ങൾ വാങ്ങിക്കാനുള്ള cash coupon ഉം നല്കുവാൻ സാധിച്ചു. ഉച്ചഭക്ഷണവും cash coupon ഉം സ്പോൺസർ ചെയ്ത Dr. (Mrs.) Manjusha Arun - നോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു. അതോടൊപ്പം Senior Extended Home ലെ 45 കുട്ടികൾക്കും ആ ദിവസം ഉച്ചഭക്ഷണം നല്കുവാൻ സാധിച്ചു. ഇത് സ്പോൺസർ ചെയ്ത Er. Neethu Robinson - നോടുള്ള നന്ദിയും അറിയിക്കട്ടെ.

ശ്രീ. ശദ്രക് സുശീലും, ശ്രീ. വിജയകുമാറും fancy stall കമ്മിറ്റിയുടെ സ്റ്റാളുകൾ ഇടാൻ നേതൃത്വം നല്കി. Brochure പ്രിന്റ് ചെയ്യാൻ സ്പോൺസർ ചെയ്ത Grace Printers നോടുള്ള നന്ദിയും അറിയിച്ചുകൊള്ളുന്നു. Annual Festival 2011 ഇത്തരത്തിൽ നടത്തുവാൻ സാധിച്ചത് ഒത്തൊരുമയോടെ 100-ൽ പരം സഭാംഗങ്ങളുടെ പ്രവർത്തനത്തിന്റെ ഫലമായാണ്. ഓരോരുത്തർക്കും Fancy Sale കമ്മിറ്റിയുടെ പേരിലുള്ള നന്ദി അറിയിച്ചുകൊള്ളുന്നു. ഇനിയും സഭയിലെ പല കുടുംബങ്ങളും ഈ Special Thanks giving festival -ൽ പങ്കെടുക്കാതെയുണ്ട്. വർഷത്തിൽ ഒരിക്കൽ നടത്തുന്ന ഈ Annual Fancy Sale ആയ Special Thanksgiving Festival -ൽ പങ്കെടുത്ത് ഇതിനെ വൻവിജയമാക്കിത്തീർത്ത ഏവർക്കും ഒരിക്കൽ കൂടി നന്ദി.

## Statement of Income from Stalls :

**Sub Organisations:-**

| | | |
|---|---|---|
| Church Choir | - | 55100.00 |
| S.C.F | - | 31760.00 |
| Women's Fellowship - 28810.00 | | |
| BCL Union | - | 21915.00 |
| Sunday School | - | 8710.00 |
| JCF | - | 6000.00 |
| | | **1,63,335.00** |

**Family Stalls:-**

| | | |
|---|---|---|
| Harvesters | - | 60,000.00 |
| Er. A. Joshua Family and Friends | - | 10,000.00 |
| Rev. Ezra Harris family and friends | - | 3415.00 |

| | | |
|---|---|---|
| Mrs. Jai kumari Rajanesh | - | 3000.00 |
| Mrs. Nisha Sanal Kumar | - | 2825.00 |
| Mrs. Priya Manoj | - | 1,200 |
| | | **80440.00** |
| Auction | - | 184135.00 |
| Cash Donation | - | 164452.00 |
| First Bid | - | 111111.00 |
| Lucky Dip | - | 85550.00 |
| Advertisement | - | 20000.00 |
| Sunday Breakfast Sale | - | 12750.00 |
| Cash Coupon | - | 2885.00 |
| Akkani Stall | - | 2820.00 |
| Biriyani | - | 2325.00 |
| Sunday (18/12) Snacks stall | - | 2000.00 |
| Jumbo Sale | - | 1000.00 |
| | | **589028.00** |
| **Total Income as on 21.12.2011** | - | **832803.00** |

Suresh Devaraj
Gen. Convenor

## STOP JUNDGING BY MERE APPEARANCES

A Bishop had to travel by ship when aeroplanes were not in vogue. Since single room facility was not available in that ship, he had to occupy a twin sharing room. When he entered the room he was a little upset on seeing another passenger. With agony in his heart, he carried all his valuables to the security room. He told the manager that since single room facility was not given to him, he had to share a room. He further added that he did not have any faith on the sincerity of the co-passenger and hence he had brought the valuables to the security room. The manager told the Bishop obligingly that his co-passenger on coming to know about another passenger travelling with him had earlier deposited his valuables with the security room. **With the measure you use, it will be measured to you.** Stop judging others by mere appearances.

# സർവ്വകൃപാദാതാവാകും

റോബർട്ട് റോബിൻസൺ 1735 - 1790
വിവ: ലിവിംഗ്സ്റ്റൺ

ഇത്രത്തോളം യഹോവ സഹായിച്ചു എന്നു പറഞ്ഞു, അതിനു
'എബൻ ഏസർ' എന്നു പേരിട്ടു. 1 ശമു. 7:12

സർവ്വകൃപ ദാതാവാകും, കർത്താവേ നിൻ പാദത്തിൽ
നിൽക്കും ഞങ്ങൾക്കേകുക നിൻ, നിത്യദയാശിസ്സുകൾ
ഇന്നയോളം തുണപ്പോനേ, ഈ നിൻ വൻ കൃപകൾക്കായ്
'എബനേസർ' പണിയും ഞാൻ, നിത്യത്തോളം പാലിപ്പാൻ.
നിൻ സന്നിധി വിട്ടകന്ന, നീചപാപിയാമെന്നെ
യേശു തൻ രക്തത്താൽ തന്നെ, വീണ്ടെടുത്തു രക്ഷിച്ചു.
നിൻ കൃപാനുഗ്രഹങ്ങൾക്കായ്, നിത്യം ഞാൻ നിൻ അടിയാൻ
നിൻ കൃപാകടാക്ഷമേകി, പിൻതുണയ്ക്ക നിത്യവും
ഇത്രത്തോളം സ്നേഹിച്ചോരെൻ, അൻപേറും പൊന്നേശുവെ
ഏറ്റുകെൾ എൻ ഹൃദയത്തെ നിൻ രക്തത്താൽ മുദ്രചെയ്.

ഇംഗ്ലണ്ടിന്റെ പ്രാന്തപ്രദേശത്തു കൂടി കടന്നുപോയ ഒരു തീവണ്ടിയിൽ ഒരു ദിവസം ഒരു ബഹുമാന്യവ്യക്തിയും ഒരു വനിതയും അടുത്തടുത്തിരുന്നു യാത്ര ചെയ്യുകയായിരുന്നു. ആ വനിത കയ്യിലുണ്ടായിരുന്ന ഒരു പുസ്തകത്തിലെ ഉള്ളടക്കത്തിൽ ശ്രദ്ധാലുവായി കാണപ്പെട്ടു. അവൾ അതിലെ ഒരു ഗാനവരി ആസ്വദിക്കയായിരുന്നു. 'Come Thou fount of every blessing' എന്നു തുടങ്ങുന്നതായിരുന്നു ആ വരികൾ.

അടുത്തിരുന്ന ആ മാന്യനോട് തിരിഞ്ഞ് അവളെ ആനന്ദിപ്പിച്ച ആ ഗാനവരികൾ പങ്കുവെച്ചു. ആ പുസ്തകത്തിലെ കവിത ആ വ്യക്തിയെ കാണിച്ച് അവ പരിചിതമായ കവിതയാണോയെന്ന് ആരാഞ്ഞു. അയാൾ പരിഭ്രാന്തനായി അവളുടെ ചോദ്യത്തിൽ നിന്നും ഒഴിഞ്ഞുമാറി. എന്നാൽ അവൾ ആ വരികൾ അവൾക്കു നൽകിയ ഹൃദയാനന്ദത്തെയും അനുഗ്രഹങ്ങളെയും പറ്റി പറഞ്ഞു വാചാലയായി. **അല്പനേരത്തെ നിശബ്ദതയ്ക്കുശേഷം അയാൾ പൊട്ടിക്കരഞ്ഞുകൊണ്ടിപ്രകാരം പറഞ്ഞു. 'പ്രിയ വനിതേ, അനേകവർഷങ്ങൾക്കു മുൻപ് ഈ ഗാനവരികൾ രചിച്ച നിർഭാഗ്യനായ മനുഷ്യൻ ഞാൻ തന്നെ. എനിക്ക് അന്നുണ്ടായിരുന്ന അനുഭൂതി ആസ്വദിക്കാനുള്ള ജീവിതസാഹചര്യം ഒരായിരം വട്ടം ഉണ്ടായെങ്കിൽ!"**

അന്നു ആ ട്രെയിൻ മുറിയിലുണ്ടായിരുന്ന വ്യക്തി റോബർട്ട് റോബിൻസൺ ആയിരുന്നു. മുപ്പതുവർഷങ്ങൾക്കു മുൻപ് അദ്ദേഹം രചിച്ചതായിരുന്നു അത്. 1735-ൽ ഇംഗ്ലണ്ടിൽ ജനിച്ച റോബിൻസൺ ഒരു പാവപ്പെട്ട കുടുംബത്തിലെ അംഗമായിരുന്നു. തന്റെ എട്ടാം വയസ്സിൽ

പിതാവ് മരിച്ചു. മാതാവിന്റെ സംരക്ഷണയിൽ വളർത്തപ്പെട്ട അദ്ദേഹം ഒരു പട്ടക്കാരനായിത്തീരമെന്നാണ് മാതാവ് ആഗ്രഹിച്ചത്. എന്നാൽ അവരുടെ ദാരിദ്ര്യം തടസ്സമായി. പതിനാലു വയസ്സായപ്പോൾ ലണ്ടനിലെ ഒരു ക്ഷുരകന്റെ (Hair dresser) കീഴിൽ പരിശീലനത്തിനയക്കപ്പെട്ടു. അതിൽ താല്പര്യമില്ലാതിരുന്നതിനാൽ പരാജയപ്പെട്ടു. അധികസമയവും വായനയിൽ കഴിച്ചു. ലണ്ടനിലെ തെരുവുകുട്ടികളുമായുള്ള കൂട്ടുകെട്ട്, തെറ്റായ വഴികളിൽ നയിച്ചു.

**17–ാം വയസ്സിൽ തന്റെ ജീവിതത്തെ മുഴുവനായി മാറ്റിയ ഒരു സംഭവമുണ്ടായി. 1752–ൽ അവൻ സ്നേഹിതനോടൊപ്പം ഭാഗ്യം പ്രവചിക്കുന്ന ഒരു വൃദ്ധയെ സമീപിച്ചു. അവരുടെ പ്രവചനം കേട്ട് രസിക്കുന്നതിനായിരുന്നു. എന്നാൽ റോബിൻസണെപ്പറ്റി അവർ പറഞ്ഞ പ്രവചനം അവനെ ചിന്തിപ്പിച്ചു. അവൻ ഭാവിയിൽ മക്കളെയും കൊച്ചുമക്കളെയും കാണുമെന്നുള്ള വാക്കുകൾ അവന്റെ തെറ്റായ വഴികൾ വെടിയുന്നതിനും ഭാവിയിൽ കുഞ്ഞുങ്ങൾ നല്ലവനായി അവനെ സ്മരിക്കണമെന്നുള്ള വിചാരവും തന്റെ ജീവിതത്തെ ക്രമപ്പെടുത്തുന്നതിനായി പ്രേരിപ്പിച്ചു.** അന്നാളിൽ അവിടെ പ്രസിദ്ധ മെതഡിസ്റ്റ് സുവിശേഷപ്രാസംഗികനായ വൈറ്റ് ഫീൽഡിന്റെ യോഗങ്ങൾ നടക്കുന്നുണ്ടായിരുന്നു. രാത്രിയോഗത്തിൽ പോയി താൻ എന്താണ് ചെയ്യേണ്ടതെന്ന് കേൾക്കാമെന്നു തീരുമാനിച്ചു.

അന്ന് യോഗത്തിൽ മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ (മത്താ. 3) ആധാരമാക്കി ചെയ്ത പ്രസംഗത്തിൽ, പുറമെ നീതിമാന്മാരായി കാണിക്കുകയും ഉള്ളിൽ സർപ്പവിഷംപോലെയായിരിക്കുകയും ചെയ്യുന്ന സദൂക്യരുടെയും പരീശന്മാരുടെയും ജീവിതത്തെ തുറന്നു കാണിച്ചു. ത്ത റോബിൻസണെ തന്റെ ജീവിതവുമായി തട്ടിച്ചു നോക്കുന്നതിനു സഹായിച്ചു. അവന്റെ ഉള്ളിൽ അമ്പുപോലെ വചനഭാഗങ്ങൾ തറച്ചു. വചനങ്ങൾ അവനെ പിൻതുടർന്നു. അവൻ കണ്ണീരൊഴുക്കി. മറ്റൊന്നിലും മനസ്സ് മാറാൻ കഴിഞ്ഞില്ല. മൂന്നുവർഷങ്ങൾക്കു ശേഷം 1755 ഡിസംബറിൽ കർത്താവായ യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്താലുള്ള പൂർണ്ണക്ഷമയുടെയും സ്വാതന്ത്ര്യത്തിന്റെയും അനുഭവമുണ്ടായി. തടർച്ചയായി സുവിശെഷ പ്രസംഗങ്ങൾ ശ്രവിച്ചു. വെസ്ലിയുടെ ശുശ്രൂഷകളിൽ ആകൃഷ്ടനായി ഒരു സുവിശേഷ പ്രവർത്തകനായി. ക്രമേണ മെതഡിസ്റ്റ്, ബാപ്ടിസ്റ്റ്, സ്വതന്ത്രസഭകൾ എന്നിവയിൽ ശുശ്രൂഷകനായി സേവനം ചെയ്തു.

**റോബിൻസൺ ഒരു നല്ല പ്രാസംഗികൻ, മികച്ച എഴുത്തുകാരൻ, പ്രഗത്ഭനായ ദൈവശാസ്ത്രജ്ഞൻ എന്നീ നിലകളിൽ അറിയപ്പെട്ടു. ഗാനരചനയിലും പാടവം തെളിയിക്കപ്പെട്ടു. റോബിൻസന്റെ ഏറ്റവും നല്ല ഗാനങ്ങളിലൊന്നാണ് 'Come Thou fount of every blessing' എന്ന ഗാനം.**

ജീവിതത്തെ പുതുതായി കർത്താവിനായി പ്രതിഷ്ഠിച്ച് ജീവിതത്തിൽ വിജയം കൈവരിച്ച ആ ജീവിതം നമ്മെയും ഈ വർഷാരംഭത്തിൽ നമ്മുടെ ജീവിതങ്ങളെ പുനരർപ്പണം ചെയ്യുന്നതിനാഹ്വാനം ചെയ്യുന്നു.

"എൻ മനമെ നീ വീണ്ടും സ്വസ്ഥമായിരിക്ക യഹോവ നിനക്കു ഉപകാരം ചെയ്തിരിക്കുന്നു. ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ മുൻപാകെ നടക്കും." സങ്കീ. 116:7.

★

## Circle Prayer List - January 2012

| | | |
|---|---|---|
| 10.01.2012<br>Tuesday | Mr. P. Sasikumar<br>Mrs. Lizzie Rose<br>Mr. Sajeev Sanal Ros | NRA 93, Observatory Lane<br>Tutors Lane<br>Parottukonam |
| 13.01.2012<br>Friday | Mr. A. Reghunathan<br>Mr. Sajeev Kumar L.R<br><br>Wilson | RNRA 6A, Rajeev Nagar<br>Vazhuthacaud, DBRA -65 C<br>Devaswom Board Jn.<br>Lenin Nagar |
| 17.01.2012<br>Tuesday | Dr. Biju Benjamin<br>Mr. R.J.D. Pratapan<br>Mr. Saju R.L. | MRA 66, Mulavana<br>Charachira<br>Nandavanam |
| 20.01.2012<br>Friday | Mrs. Ismail Manohar Lal<br>Sam Japa Renjit<br>Dr. Rajmohan | NCRA 100, Nanthencode<br>Peniel, Nalanda Jn.<br>A 143 B, Kanaka Nagar |
| 24.01.2012<br>Tuesday | Dr. Bright Singh<br>Mr. Joshua Manohar<br>Mrs. Padma Francis | CRA G34, Charachira<br>Bethel, Statue Rd<br>Panachamoodu Lane |
| 27.01.2012<br>Friday | Er. Varghese Rose<br>Mr. Jasper Daniel<br>Mr. Robert Singh | BRRA 45, Kannamoola<br>BNRA 55 Nalanchira<br>MRA 27, Mannadi Lane |
| 31.01.2012<br>Tuesday | Mr. Pepster Stanly<br>Mr. C. Selvaraj<br>Mr. P. Christudas | Mathrubhoomi Rd<br>Thirumala Gardens<br>Lower Museum Bains<br>Compound |
| 03.02.2012<br>Friday | Mr. K. Anil Joy<br>Mr. Bright Singh<br>Mr. Ajith Edward | NRA 68<br>MNRA 84, Nanthancode<br>CRA F6, Charachira |

## CSI MATEER MEMORIAL CHURCH

### Regular Weekly Programme

Morning Worship (Monday to Saturday) 7.00 a.m

| | | |
|---|---|---|
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 10.00 a.m |
| | BCL Union | 11.00 a.m |
| | JCEF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Teens Bible Hour | 03.00 p.m |
| | Contemporary Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |



*"Safe in the arms of Jesus"*

**First Death Anniversary**

Called to Eternal rest on 3-12-2010

*In the Cherishing memory of*

## MR. C. JOHNSON

**(Dpty. Chief Accounts Officer (Rtd) K.S.R.T.C)**
**'Sruthy' Mulavana Road**

*by*
*Vasantha Johnson (wife)*
*Children*
*J. Christopher Charles- Promilla Christopher*
*Seleena S. David - Sam David*
*Sheen Johnson - Bindu Sheen*
*Grandchildren*
*Praveena C. John, Renu, Naveen S. David, Nithin S .David, Elita Anna Sheen*

# Harvest Festival & Fancy Sale Scenes












Grace Printers ☎ 2540523